# ക്വുർആനോതി ഹദ്‌യ ചെയ്യൽ
# ഇമാം ശാഫിഈ(റ)യുടെ മദ്ഹബ് എന്ത്?

അബൂ നസ്വീഫ് പറളി

**മുതഅല്ലിം:** മരണപ്പെട്ടവർക്ക് ഖുർആനോതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം അവർക്ക് ലഭിക്കുമൊ? എന്താണ് ഇമാം ശാഫിഈ (റ)യുടെ മദ്ഹബ്?

**ഉസ്താദ്:** മരണപ്പെട്ടവർക്ക് ഖുർആനോതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം അവർക്ക് ലഭിക്കുകയില്ല എന്നതാണ് ഇമാം ശാഫിഇ(റ)യുടെ ഖണ്ഡിതമായ മദ്ഹബ്.

**രണ്ടാം ശാഫിഈ എന്നറിയപ്പെടുന്ന ഇമാം നവവി(റ) അദ്ദേഹത്തിന്റെ ശറഹു മുസ്‌ലിമിൽ പറഞ്ഞു:**

" أما قراءة القرآن فالمشهور من مذهب الشافعي أنه لا يصل ثوابا إلى الميت "

"എന്നാൽ മരിച്ചവർക്കു വേണ്ടിയുള്ള ക്വുർആൻ പാരായണത്തെപ്പറ്റിയുള്ള ശാഫിഈ മദ്ഹബിലെ പ്രസിദ്ധമായ അഭിപ്രായം, അതിന്റെ പ്രതിഫലം മയ്യിത്തിന് ലഭിക്കുകയില്ല എന്നാണ്."

**മുതഅല്ലിം:** പ്രതിഫലം ലഭിക്കും എന്ന് മറ്റാർക്കെങ്കിലും അഭിപ്രായമുണ്ടൊ?

**ഉസ്താദ്:** ഉണ്ട്. അതിനെ സംബന്ധിച്ചും ഇമാം നവവി(റ) സൂചിപ്പിക്കുന്നുണ്ട്.

" وقال بعض أصحابه أنه يصل ثوابا إلى الميت وذهب جماعة من العلماء أنه يصل ثواب جميع العبادات "

"അതിന്റെ(ക്വുർആൻ പാരായണത്തിന്റെ) പ്രതിഫലം മയ്യിത്തിന് ലഭിക്കും എന്ന് അദ്ദേഹത്തിന്റെ (ശാഫിഇയുടെ) ചില അനുയായികൾ പറഞ്ഞിട്ടുണ്ട്. എല്ലാ ആരാധനകളുടെ പ്രതിഫലവും മയ്യിത്തിന് ലഭിക്കുമെന്നും ഒരു കൂട്ടം പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്."

**മുതഅല്ലിം:** അതിന് അവർ പറയുന്ന രേഖയെന്താണ്?

**ഉസ്താദ്:** അതിന് അവർ അവലംബിക്കുന്ന തെളിവെന്താണെന്നും നവവി(റ) തന്നെ വ്യക്തമാക്കുന്നുണ്ട്.

" دليلهم القياس على الدعاء "

" പ്രാർത്ഥനയുടെമേൽ ഖിയാസാക്കുക എന്നതാണ് അവരുടെ തെളിവ്" അഥവാ മയ്യിത്തിനു വേണ്ടി പ്രാർത്ഥിച്ചാൽ അത് മയ്യിത്തിന് ഉപകാരപ്പെടുന്നതു പോലെ ക്വുർആനോത്തും മറ്റു ആരാധനകളും അവന്ന് ഉപകാരപ്പെടും എന്ന് താരതമ്യം ചെയ്യുകയാണ് അവർ.

**മുതഅല്ലിം:** മയ്യിത്തിന് ക്വുർആൻ പാരായണത്തിന്റെ പ്രതിഫലം ലഭിക്കും എന്ന് പറയുന്നവരുടേയും, എല്ലാ ആരാധനകളുടെ പ്രതിഫലവും ലഭിക്കും എന്ന് പറയുന്നവരുടേയും, അഭിപ്രായത്തെ ഇമാം നവവി(റ) എങ്ങനെയാണ് വിലയിരുത്തുന്നത്?

**ഉസ്താദ്:** നല്ല ചോദ്യമാണിത്. അദ്ദേഹം പറയുന്നു:

" وكل هذه المذاهب ضعيفة "

"ഈ അഭിപ്രായങ്ങൾ മുഴുവനും ദുർബലമാണ്"

**മുതഅല്ലിം:** എന്തു കൊണ്ടാണ് നവവി(റ) തങ്ങൾ അങ്ങനെ പറയാൻ കാരണം?

**ഉസ്താദ്:** ക്വുർആനോതി ഹദ്‌യ ചെയ്താൽ മരിച്ചവർക്ക് അതിന്റെ പ്രതിഫലം ലഭിക്കില്ല എന്നതിന് ഇമാം ശാഫിഇ(റ) നൽകുന്ന തെളിവുകൾ അത്രമാത്രം ശക്തമാണ് എന്നതു കൊണ്ടാണത്.

**മുതഅല്ലിം:** ഇമാം ശാഫിഈ ക്വുർആനിൽ നിന്നാണൊ അതിന് തെളിവ് നൽകുന്നത്?

**ഉസ്താദ്:** അതെ. സൂറത്തു നജ്മിലെ 39ാമത്തെ ആയത്താണ് അദ്ദേഹം അതിന് നൽകുന്ന തെളിവ്. നവവി(റ) തങ്ങൾ തന്നെ പറയുന്നു:

ودليل الشافعي وموفقه قول الله " وأن ليس للإنسان إلا ما سعى "

"ശാഫിഈ ഇമാമിൻേറയു അദ്ദേഹത്തോട് യോജിക്കുന്നവരുടേയും തെളിവ് 'മനുഷ്യന്ന് താൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നും ഇല്ല' എന്ന ആയത്താണ്."

**മുതഅല്ലിം:** ഇമാമവർകൾ ഹദീസിൽ നിന്നും വല്ല തെളിവും നൽകുന്നുണ്ടോ?

**ഉസ്താദ്:** തീർച്ചയായും. അതിന് രേഖയായി അദ്ദേഹം നൽകുന്ന ഹദീസ് നവവി(റ) ഉദ്ധരിക്കുന്നുണ്ട്:

" وقول النبي صلى الله عليه وسلم إذا مات ابن آدم انقطع عمله إلا من ثلاث صدقة جارية وعلم ينتفع به أو ولد صالح يدعو له "

(ക്വുർആനോതി ഹദ്‌യ ചെയ്താൽ മരിച്ചവർക്ക് അതിന്റെ പ്രതിഫലം ലഭിക്കില്ല എന്നതിന്) ഇമാം ശാഫിഇ(റ) നൽകുന്ന അടുത്ത തെളിവ് നബി തിരുമേനി(സ്വ)യുടെ പ്രസ്താവനയാണ്: "ഒരു മനുഷ്യൻ മരിച്ചാൽ, നിലനിൽക്കുന്ന സ്വദഖഃ, പ്രയോജനപ്പെടുത്തപ്പെട്ട അറിവ്, തനിക്കു വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ സന്താനം എന്നീ മൂന്നെണ്ണമൊഴിച്ച് അവന്റെ മറ്റെല്ലാ കർമ്മങ്ങളും മുറിഞ്ഞു പോകുന്നതാണ്."

**മുതഅല്ലിം:** ഇമാം നവവി(റ) തന്റെ ശറഹു മുസ്‌ലിമിലുദ്ധരിച്ച ഈ പ്രസ്താവനയുടെ പൂർണ്ണരൂപം എന്താണ്?

**ഉസ്താദ്:** കേട്ടോളൂ.

"أما قراءة القرآن فالمشهور من مذهب الشافعي أنه لا يصل ثوابا إلى الميت وقال بعض أصحابه أنه يصل ثوابا إلى الميت وذهب جماعة من العلماء أنه يصل ثواب جميع العبادات وكل

هذه المذاهب ضعيفة دليلهم القياس على الدعاء ودليل الشافعي وموفقه قـول الله "وأن لـيس للإنسان إلا ما سعى" الآية وقول النبي صلى الله عليه وسلم إذا مات ابن آدم انقطع عملـه إلا من ثلاث صدقة جارية وعلم ينتفع به أو ولد صالح يدعو له" (شرح مسلم ج:1 ص:90)

**മുതഅല്ലിം:** ക്വുർആനോതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം മരിച്ചവർക്ക് ലഭിക്കില്ലെന്നതിന് ഇമാം ശാഫിഈ ക്വുർആനിൽ നിന്ന് നൽകുന്ന തെളിവ് സൂറത്തു നജ്മിലെ 39ാമത്തെ ആയത്താണല്ലൊ? അതിന്റെ വ്യഖ്യാനത്തിൽ ഇതു സംബന്ധമായി വല്ലതും മുഫസ്സിറുകൾ വ്യക്തമാക്കിയിട്ടുണ്ടൊ?

**ഉസ്താദ്:** തീർച്ചയായും വ്യക്തമാക്കിയിട്ടുണ്ട്. وأن ليس للإنسان إلا مـا سـعى എന്ന ആയത്തിന്റെ തഫ്സീറിൽ ഇമാം ഇബ്നു കസീർ വ്യക്തമാക്കുന്നു:

" ومن هذه الآية الكريمة استنبط الشافعي رحمه الله ومن اتبعه أن القراءة لا يصل إهداء ثوابـا إلى الموتى لأنه ليس من عملهم ولا كسبهم ولهذا لم يندب إليه رسول الله صلى الله عليه وسلم أمته ولا حثهم عليه ولا أرشدهم إليه بنص ولا إيماءة ولم ينقل ذلك عن أحد مـن الـصحابة رضي الله عنه ولو كان خيرا لسبقونا إليه وباب القربات يقتصر فيه على النصوص ولا يتصرف فيه بأنواع الأقيسة والآراء " (ابن كثير 258/4)

"ക്വുർആനോതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം മരിച്ചവർക്ക് ലഭിക്കില്ലെന്നതിന് ഇമാം ശാഫിഈ(റ)യും അദ്ദേഹത്തിന്റെ അനുയായികളും ഈ ആയത്തിൽ നിന്നാണ് തെളിവു പിടിച്ചിട്ടുള്ളത്. അത് അവരുടെ കർമ്മത്തിലൊ അധ്വാനത്തിലൊ പെട്ടതല്ല എന്നതിനാലാണത്. അതുകൊണ്ടാണ്, റസൂൽ(സ്വ) തന്റെ ഉമ്മത്തിനെ അതിന് പ്രേരിപ്പിക്കാതിരുന്നതും, സൂച്യമൊ ഖണ്ഡിതമൊ ആയ മതനിയമങ്ങൾകൊണ്ട് അവരെ ആ പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കാതിരുന്നതും. മാത്രമല്ല, സ്വഹാബികളിലെ ഒരാളിൽ നിന്നു പോലും അത്തരമൊരു സമ്പ്രദായം ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. അതെങ്ങാനും നല്ലതായിരുന്നുവെങ്കിൽ നമുക്കു മുമ്പെ അവരങ്ങനെ പ്രവർത്തിക്കുമായിരുന്നു. സ്വർഗത്തിലേക്കടുപ്പിക്കുന്ന സദ്കർമ്മങ്ങൾ ഖുർആനിൻേറയും സുന്നത്തിന്റെയും അിസ്ഥാനത്തിലാണ് ക്ലിപ്തമാക്കപ്പെടുക. ഈ വിഷയത്തിൽ ഖിയാസുകൾക്കും മറ്റഭിപ്രായങ്ങൾക്കും പ്രവേശനമില്ല."

ഈ വ്യാഖ്യാനത്തിൽ നിന്നും നമുക്ക് മനസിലാക്കാവുന്ന കാര്യങ്ങൾ:

1. ഇമാം ശാഫിഈ(റ)യുടെ അഭിപ്രായം ക്വുർആനോതി ഹദ്‌യ ചെയ്തതിന്റെ പ്രതിഫലം മരണപ്പെട്ടവർക്ക് ലഭിക്കില്ല എന്നാണ്
2. അതിനുള്ള അദ്ദേഹത്തിന്റെ തെളിവ് ഈ ആയത്താണ്
3. ജീവിച്ചിരിക്കുന്നവരുടെ ക്വുർആനോത്ത് മരണപ്പെട്ടവരുടെ കർമ്മമായൊ അധ്വാനമായൊ പരിഗണിക്കപ്പെടില്ല.
4. നബി തങ്ങൾ(സ്വ) ഇതു പോലൊരു പ്രവൃത്തിക്ക് നമ്മെ ഉപദേശിച്ചിട്ടില്ല.
5. സ്വഹാബികളിലാരും ഈ സമ്പ്രദായം നിർവഹിച്ചവരായിരുന്നില്ല.

6. ക്വുർആനിലും സുന്നത്തിലും നിർദ്ദേശിച്ചിട്ടുള്ള കർമ്മങ്ങളേ ആരാധനാ കർമ്മങ്ങളായി നാം സ്വീകരിക്കാവൂ.
7. ഈ രണ്ടു പ്രമാണങ്ങൾക്കും വിരുദ്ധമായ ഖിയാസുകളും അഭിപ്രായങ്ങളും സ്വീകാര്യമല്ല.

**മുതഅല്ലിം:** ജസാകല്ലാഹു ഖൈറൻ യാ ഉസ്താദ്. ശാഫിഈ മദ്ഹിൽപ്പെട്ടതാണ് എന്ന ധാരണയിൽ നമ്മൾ ചെയ്യുന്ന ഈ 'ക്വുർആനോതി മരിച്ചവർക്ക് ഹദ്യ ചെയ്യുക' എന്ന ഏർപ്പാട്, ക്വുർആനും സുന്നത്തും പഠിപ്പിക്കാത്ത സമ്പ്രദായമാണെന്ന് എനിക്കിപ്പോൾ ബോധ്യപ്പെട്ടു. എന്നു മാത്രമല്ല, മഹാനായ ശാഫിഈ(റ) തങ്ങൾ തന്റെ മദ്ഹബിൽ ഇങ്ങനെയൊരു സമ്പ്രദായം അംഗീകരിക്കുന്നില്ലെന്നും മനസിലായി. ഈ വിഷയത്തിൽ സത്യം ബോധ്യപ്പെട്ടു കഴിഞ്ഞാൽ അത് സ്വീകരിക്കലാണ് നന്മ. അല്ലാഹു അനുഗ്രഹിക്കട്ടെ.